(ഡി) കിളിമാനൂർ സബ് സ്റ്റേഷനിൽനിന്നും ഇപ്പോൾ ഓപ്പറേറുചെയ്യുന്ന ഷെഡ്യൂളുകൾ അപര്യാപ്തമായതിനാൽ കൂടുതൽ ഷെഡ്യൂളുകൾ അവിടെ അനുവദിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 3-8-1983-ൽ പണി ആരംഭിച്ചു.

(ബി) ഉണ്ട്.

(സി) സിമൻറു കിട്ടുന്നതിന് കാലതാമസം നേരിടുന്നതു കൊണ്ട് താൽക്കാലികാടിസ്ഥാനത്തിൽ കോൺട്രാക്ടർ സ്വന്തമായി സിമൻറുവാങ്ങി എത്രയും പെട്ടെന്ന് പണി പൂർത്തീകരിക്കുവാൻ 18-6-86-ൽ രേഖാമൂലം നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വാഹനങ്ങളുടെ ദൗർലഭ്യംമൂലം തൽക്കാലം കൂടുതൽ ഷെഡ്യൂളുകൾ അനുവദിക്കുവാൻ നിർവ്വാഹമില്ല.

വടക്കഞ്ചേരി ഓപ്പറേഷൻ സെൻററിൽനിന്നും ഓപ്പറേറു ചെയ്യുന്ന ഷെഡ്യൂളുകൾ

294 [321] ശ്രീ സി. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യുടെ വടക്കഞ്ചേരി ഓപ്പറേഷൻ സെൻററിൽ ഇപ്പോൾ എത്ര ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യുന്നുണ്ട്;

(ബി) ഇവിടെ ഇപ്പോൾ സർവ്വീസ് നടത്തുന്ന റൂട്ടുകളുടെ പേരും ജീവനക്കാരുടെ എണ്ണവും വ്യക്തമാക്കുമോ;

(സി) 1985 ജൂൺ 30 മുതൽ 1986 മേയ് 30 വരെ വടക്കഞ്ചേരി ഓപ്പറേഷൻ സെൻററിൻെറ കീഴിൽ സർവ്വീസ് നടത്തുന്ന ഓരോ റൂട്ടിലും എത്ര ദിവസംവീതം സർവ്വീസ് മുടങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവിടുത്തെ ഓപ്പറേഷൻ സെൻററിന് പുതിയ കെട്ടിടം നിർമ്മിക്കാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എപ്പോൾ മുതൽ പണി ആരംഭിക്കും?

ഉത്തരം

(എ) 4 ഫാസ്റ്റ് പാസഞ്ചറും, 9 ഓർഡിനറിയും ഉൾപ്പെടെ 13 ഷെഡ്യൂളുകൾ ഓപ്പറേറ് ചെയ്യുന്നുണ്ട്.

(ബി) 1 വടക്കഞ്ചേരി—തിരുവനന്തപുരം ലിമിറഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ.

2. വടക്കഞ്ചേരി — കോട്ടയം (ഫാസ്റ്റ് പാസഞ്ചർ)
3. ,, — ആനകല്ലി(,,)
4. ,, — പെരിന്തൽമണ്ണ (,,)
5. ,, — ചിറ്റൂർ (ഓർഡിനറി)

LIBRARY ARCHIVES Kerala Legislative Assembly

6.	വടക്കഞ്ചേരി	—	കോട്ടങ്ങളം	(ഓർഡിനറി)
7.	,,	—	തൃശ്ശൂർ — പോത്തുണ്ടി	(,,)
8.	,,	—	,, — പാലക്കാട്	(,,)
9.	,,	—	ഗുരുവായൂർ	(ഓർഡിനറി)
10.	,,	—	മംഗലം ഡാം	(,,)
11.	,,	—	പിടുകാണിക്കുളമ്പ് — ഗോവിന്ദപുരം	(ഓർഡിനറി)
12.	,,	—	മണപ്പിടം — പാലക്കാട്	(ഓർഡിനറി)
13.	,,	—	ചെനരിക്കോട് — പട്ടാമ്പി	(,,)

വടക്കഞ്ചേരി : ഓപ്പറേറ്റിംഗ് സെൻറിലെ ജീവനക്കാരുടെ വിവരം താഴെ ചേർക്കുന്നു.

1.	ഓപ്പറേറ്റിംഗ് സ്റ്റാഫ് —	67 പേർ
2.	മെക്കാനിക്കൽ സ്റ്റാഫ് —	13 പേർ
3.	അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് —	10 പേർ
	ആകെ	90 പേർ

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഉണ്ട്.

(ഇ) പഞ്ചായത്തധികൃതർ ആവശ്യമായ സ്ഥലം നൽകുകയും അവിടേയ്ക്കുള്ള അപ്രോച്ച് റോഡ് പണി കഴിപ്പിച്ച് ഏൽപ്പിക്കുകയും ചെയ്താൽ കോർപ്പറേഷന്റെ സാമ്പത്തിക നില കണക്കിലെടുത്ത് പുതിയ കെട്ടിടത്തിന്റെ പണി ആരംഭിക്കും.

കെ. എസ്. ആർ. ടി. സി. പുതുതായി റോഡിലിറക്കിയ ബസ്സുകൾ

295 [322] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

1982-83, 1983-84, 1984-85, 1985-86 എന്നീ വർഷങ്ങളിൽ കെ. എസ്. ആർ. ടി. സി. പുതുതായി റോഡിലിറക്കിയ ബസ്സുകൾ എത്ര?

ഉത്തരം

1982-83	—	240 ബസ്സുകൾ
1983-84	—	335 ,,
1984-85	—	337 ,,
1985-86	—	109 ,,

LIBRARY ARCHIVES Kerala Legislative Assembly